ശ്രീ. എം. സി. എബ്രഹാം: റിപ്പോർട്ടുകിട്ടിയിട്ട് വളരെക്കാലമായിട്ടും ശുപാർശ നടപ്പിൽവരുത്താൻ താമസിക്കുന്നതിന്റെ കാരണം എന്താണ്?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: നടപ്പിൽവരുത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. സി. എബ്രഹാം: പരിശ്രമങ്ങളുടെ സ്വഭാവം എന്താണ്?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഓരോ ജില്ലയിലെയും എം. എൽ. എ.മാരുമായി ചർച്ചനടത്തുക; ഗവണ്മെന്റ്തലത്തിൽ ചർച്ചനടത്തുക; ഹൈക്കോടതിയുടെ അഭിപ്രായം ആരായുക; ഹൈക്കോടതി വല്ല നിർദ്ദേശങ്ങളും അറിയിച്ചാൽ അതു സ്റ്റെക്യൂൽ ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുക; അതിന്മേൽ അദ്ദേഹത്തിന്റെ അഭിപ്രായം ആരായുക; അതിനുശേഷം തീരുമാനം എടുക്കുക ഇതാണ് ഇതിന്മേൽ സ്വീകരിക്കാവുന്ന നടപടികൾ.

പിൻവലിച്ച ക്രിമിനൽ കേസ്സുകൾ.

* 1500. [11] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം വിചാരണയിൽ ഇരുന്ന എത്ര ക്രിമിനൽ കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) 1957-58-ൽ പിൻവലിച്ചതെത്ര;

(സി) 1958-59-ൽ പിൻവലിച്ചവയെത്ര;

(ഡി) ഗവണ്മെന്റ് പിൻവലിക്കാൻ ഉത്തരവിട്ടിട്ടും, പിൻവലിക്കാൻ കോടതി അനുവാദം നിഷേധിച്ചു, വിചാരണ തുടർന്നു നടന്ന കേസ്സുകൾ എത്ര;

(ഇ) പിൻവലിക്കാൻ ഉത്തരവിട്ടതിനുശേഷം, കോടതി അനുവാദം നിഷേധിച്ചു വിചാരണനടത്തി പ്രതികളെ ശിക്ഷിച്ച കേസ്സുകൾ എത്ര; ഏതെല്ലാം?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ—ഇ) ഉത്തരം തയ്യാറായിട്ടില്ല.

ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലുണ്ടായിരുന്ന വിദ്യാലയങ്ങളിലെ ജീവനക്കാർ.

* 1501. [12] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക വിദ്യാഭ്യാസവും സഹകരണവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ഡിസ്ട്രിക്റ്റ്ബോർഡിന്റെ കീഴിൽനിന്നും ഗവണ്മെന്റും ഏറ്റെടുത്ത വിദ്യാലയങ്ങളിലെ ഏതെങ്കിലും ജീവനക്കാരെ പിരിച്ചുവിടാൻ കല്പനയായിട്ടുണ്ടോ;

(ബി) ഡിസ്ട്രിക്റ്റ്ബോർഡു പ്രസിഡന്റിനു നിയമപ്രകാരം ബോർഡു ജീവനക്കാരെ നിയമിക്കുന്നതിനു അധികാരം ഉണ്ടായിരുന്നു എന്നതു ശരിയാണോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഉണ്ട്; മതിയായ യോഗ്യതയില്ലാത്തവരും, താൽക്കാലികമായ വ്യവസ്ഥയിൽ പ്രസിഡന്റ് നിയമിച്ചിരുന്നവരുമായ അദ്ധ്യാപകന്മാരെ പിരിച്ചുവിടാൻ കല്പനയുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly